1	റന്നി - പെരുനാട് SHEP	4 MW
2	പീച്ചി SHEP	1.25 MW
3	വിലങ്ങാട് SHEP	7.5 MW
4	ചിമ്മിനി SHEP	2.5 MW
	ആകെ	15.25 MW

കൂടാതെ പൊരിങ്ങൽകുത്ത് (4 മെഗാവാട്ട്), ശബരിഗിരി (5 മെഗാവാട്ട്) എന്നീ പദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പ്രവർത്തനം വഴി 9 MW -ന്റെ സ്ഥാപിത ശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്.

സ്വകാര്യ മേഖലയിൽ 10.5 മെഗാവാട്ട് ശേഷിയുള്ള കാരിക്കയം ജലവൈദ്യുത പദ്ധതി, 3 മെഗാവാട്ടിന്റെ മീൻവല്ലം ജലവൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്തു. 50 കിലോവാട്ടിന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതി, 110 കിലോവാട്ടിന്റെ മാങ്കുളം മൈക്രോ ജലവൈദ്യുത പദ്ധതിയും പുതുക്കി ഗ്രിഡുമായി കണക്ട് ചെയ്തിട്ടുണ്ട്. കൂടാതെ 53 പീക്കോ ജലവൈദ്യുത പദ്ധതികൾ (IKW) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) കമ്മീഷൻ ചെയ്തിട്ടുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ നിയമനം

10(1998) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പി.എസ്.സി.-യെ മറികടന്ന് സ്വന്തം നിലയിൽ നിയമനം നടത്താൻ നീക്കങ്ങൾ നടക്കുന്നുണ്ടോ ; നിയമനങ്ങൾ പി.എസ്.സി. മുഖാന്തരം നടത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ സർക്കാരിതര കമ്പനിയാക്കാൻ ശ്രമങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന പുതിയ കമ്പനി മൂന്ന് വിഭാഗങ്ങളാകുമെങ്കിലും ഒരു കുടക്കീഴിൽ സർക്കാർ കമ്പനിയായി നിലനിൽക്കുമെന്ന ഉറപ്പ് പാലിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ നിയമനം പി.എസ്.സി. വഴിയാണ് നടത്തുന്നത്.

(ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ കേരള സർക്കാരിന്റെ നൂറു ശതമാനം ഓഹരിയുടമസ്ഥതയുള്ള കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന ഒറ്റ കമ്പനിയായിട്ടാണ് പുനഃസംഘടിപ്പിച്ചിട്ടുള്ളത്. സർക്കാരിതര കമ്പനിയാക്കാൻ ആലോചനയില്ല.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മൂന്ന് വിഭാഗങ്ങളും (SBUs) ഒരേ കുടക്കീഴിൽ തന്നെ സർക്കാർ കമ്പനിയായി നിലനിർത്തുന്നതിനുള്ള വ്യവസ്ഥകളാണ് രണ്ടാം കൈമാറ്റ പദ്ധതിയിലുള്ളത്.

കെ.എസ്.ഇ.ബി. ചാർജ്ജ് കുടിശ്ശിക

11(1999) ശ്രീ പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് ;

(ബി) ഇത്തരത്തിൽ കുടിശ്ശിക തുക അടയ്ക്കേണ്ട കേന്ദ്ര-സംസ്ഥാന-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ-ബോർഡുകൾ എന്നിവ ഏതെല്ലാം എന്നും ; കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) കുടിശ്ശികയിനത്തിൽ എത്ര തുക സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും അടയ്ക്കുവാനുണ്ട് ;

(ഡി) കുടിശ്ശിക വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2014-15 കാലയളവിൽ 362.88 കോടി രൂപ എൽ.റ്റി., എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗങ്ങളിലായി പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly